# ആർദ്രതയും വികാരതീവ്രതയും വെണ്ണിക്കുളത്തിന്റെ ശിശുകവിതകളിൽ

ഡോ. സെലിൻ എസ്.എൽ.

അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, ഗവ.കോളേജ്, കോട്ടയം

മലയാളത്തിലെ ശ്രദ്ധേയനായ കാല്പനികകവിയാണ് വെണ്ണിക്കുളം ഗോപാലക്കുറുപ്പ്. മലയാള കാല്പനികകവിതയുടെ രണ്ടാംഘട്ടത്തെ സമ്പന്നമാക്കിയ വള്ളത്തോൾ സ്കൂളിന്റെ പ്രാതിനിധ്യമാണ് അദ്ദേഹത്തിനുള്ളത്. 14 കവിതാസമാഹാരങ്ങളിലായി 108 ഭാവഗീതങ്ങളും 16 ഭാവനാത്മകമായ ആഖ്യാന കവിതകളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രചനാസൗകുമാര്യം തികഞ്ഞ അദ്ദേഹത്തിന്റെ കവിതകൾ തികച്ചും ഭാവാത്മകമാണ്. "ഭാവനയിലൂടെയും വികാരങ്ങളിലൂടെയും ഉള്ള ജീവിതവ്യാഖ്യാനമാണ് കവിത"[1] എന്ന ഫിലിപ്പ് സിഡ്നിയുടെ നിഗമനത്തോട് ചേർന്നു നില്ക്കുന്നവയാണ് അവ. തീർത്തും സാധാരണമായ വികാരങ്ങളെയും വിചാരങ്ങളെയും ഭാവനയുടെ സഹായത്തോടെ അദ്ദേഹം പുനരാവിഷ്കരിക്കുന്നു.

കാവ്യരചനയ്ക്ക് തനിക്ക് എന്നും പ്രചോദനമായിരുന്നത് വള്ളത്തോൾ കവിതയാണെന്ന് വെണ്ണിക്കുളം പറയുന്നുണ്ട്. "വാസ്തവം എന്തിനു മറച്ചുവെയ്ക്കുന്നു, വള്ളത്തോൾ സരസ്വതിയുടെ സരളത, പദസംസ്കാരം , കാന്തി, പ്രസാദാത്മകത, മാധുര്യം എന്നതെല്ലാം എന്നെ ലഹരിപിടിപ്പിക്കുക തന്നെ ചെയ്തു."[2] ആ ആകർഷണവലയത്തിൽപ്പെട്ട് പതിനാറാമത്തെ വയസ്സിൽ 'ഈശ്വര പ്രാർത്ഥന' എന്ന കവിത രചിച്ചു. അക്കാലത്തെ പതിവനുസരിച്ച് ഭക്തി, പ്രേമം തുടങ്ങിയ വിഷയങ്ങളിൽ ചില കവിതകൾ എഴുതിയെങ്കിലും ആ സമയത്ത് ശക്തിയാർജ്ജിച്ച ഇന്ത്യൻ സ്വാതന്ത്ര്യസമരം വെണ്ണിക്കുളത്തിന്റെ മനസ്സിലും ദേശഭക്തി ആളിക്കത്തിച്ചു. അങ്ങനെ വൈക്കം സത്യാഗ്രഹക്കാലത്ത് ആദ്യത്തെ കവിതാ സമാഹാരമായ 'സ്വരാജ്യഗീത' രചിക്കുകയും ഗാന്ധിജിക്കു സമർപ്പിക്കുകയും ചെയ്തു.

"വിണ്ണോർ നാട്ടിൽ വിശേഷങ്ങളെന്നോടാരുമുരയ്ക്കേണ്ടാ
മന്നാണെനിക്കതിലേറേ മാധുര്യകേന്ദ്രം.
ശോകമെന്തെന്നറിയാത്ത ഭോഗമാത്രപ്രസക്തമാം
ലോകമത്രെ നാകമെങ്കിൽ നന്നല്ല നൂനം" (ലോകവും നാകവും)

എന്നവരികൾ കവിയ്ക്ക് ഭൂമിയോടും ഭൂമിയിലെ ജീവിതത്തോടുമുള്ള തീവ്രപ്രേമം വ്യക്തമാക്കുന്നു. ജീവിതത്തിലെ ക്ലേശങ്ങളും നശ്വരതയും ഒരിക്കലും ആ ജീവിതരതിയിൽനിന്ന് അദ്ദേഹത്തെ പിൻവലിക്കുന്നുമില്ല.

വെണ്ണിക്കുളത്തിന്റെ കവിതയുടെ സവിശേഷതകൾ ഒരളവോളം അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിന്റെയും ജീവിതസാഹചര്യങ്ങളുടെയും സംഭാവനയാണ്. താൻ കവിയായതും കവിത എഴുതുന്നതും മനുഷ്യനുവേണ്ടിയാണെന്നു പറയുന്ന വെണ്ണിക്കുളം സമൂഹത്തിലും ജീവിതത്തിലും നിന്നു ലഭിച്ച അനുഭവങ്ങളെ സ്വാംശീകരിക്കുകയും ആത്മനിഷ്ഠതയുടെ ഊഷ്മളതയോടെ ആവിഷ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ശിശു കവിതകളിലും ഇത് തെളിഞ്ഞുകാണാം.

ബാല്യഭാവങ്ങളുടെ ആവിഷ്കരണത്തിൽ അതീവ തല്പരനായിരുന്നു വെണ്ണിക്കുളം. ടാഗോറിന്റെ ബാലകവിതകൾ മലയാളത്തിലെ കാല്പനികകവികളെ ഗാഢമായി സ്വധീനിച്ചിരുന്നു. പലപ്പോഴും ബാല്യത്തിന്റെ കവിതയെക്കുറിച്ച് പറയുമ്പോൾ വള്ളത്തോളാണ് പരാമർശിക്കപ്പെടാറുള്ളത്. അമിതമായ ആദർശവത്കരണം കൊണ്ട് ബാല്യത്തിന് ദിവ്യത്വത്തിന്റെ പരിവേഷം നല്കുകയായിരുന്നു ബാലാമണിയമ്മ ചെയ്തത്. വൈകാരികമെന്നതിനേക്കാൾ ആശയവാദപരവും ധൈഷണികവുമാണ് അവരുടെ സമീപനം. എന്നാൽ ആത്മനിഷ്ഠത നല്കുന്ന ആർദ്രതയും വികാരതീവ്രതയും വെണ്ണിക്കുളം കവിതകളിലാണ് ഏറെ അനുഭവപ്പെടുന്നത്. ഹൃദ്യമായ ഒരൊഴിയാബാധ എന്നോണം ബാല്യം വെണ്ണിക്കുളത്തിന്റെ പ്രതിഭയെ അലട്ടുകയും ചെയ്തു.

മനുഷ്യജീവിതത്തിലെ ഏറ്റവും മനോഹരമായ അവസ്ഥയാണ് ശൈശവം. അത് പിന്നിട്ടതിനുശേഷം തിരിഞ്ഞുനോക്കി നെടുവീർപ്പിടാത്തവർ ചുരുക്കമാണ്. ലഭിച്ച സ്നേഹവാത്സല്യങ്ങളും അനുഭവിച്ച സുഖവുമെല്ലാം ആ നഷ്ടബോധത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നുമുണ്ട്. "അല്ലലറ്റതും ഉത്സാഹം നിറഞ്ഞതും സ്നേഹം കൊണ്ട് പരിപോഷിതവുമായ കുട്ടിക്കാലം മനുഷ്യൻ അറിയുന്ന ഒരേയൊരു നല്ലകാലമാണെന്നു പറയാം. തന്നിലും മറ്റുള്ളവരിലും നന്മ മാത്രം അനുഭവപ്പെടുന്ന കാലം ഒരു പറുദീസയായി മനുഷ്യർ ഓർമ്മിക്കുന്നു"[3] എന്ന ഹൃദയകുമാരിയുടെ വാക്കുകൾ ഇതു തന്നെയാണ് സൂചിപ്പിക്കുന്നത്"പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരങ്ങളുടെ ആവിഷ്കാരമാണ് കവിത '4 എന്ന നിർവചനത്തിൽ അനുഭവിച്ച വികാരങ്ങളുടെ പിന്നീടുള്ള ആവിഷ്കാരമാണ് ഉദ്ദേശിക്കുന്നത്. ഈ ഈ വികാരങ്ങൾ ചിലപ്പോൾ മനസ്സിൽ സന്തോഷവും മറ്റു ചിലപ്പോൾ തീവ്രമായ നഷ്ടബോധവുമായിരിക്കും ഉണ്ടാക്കുക. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്താൻ നടത്തുന്ന ഈ ശ്രമം ഒരു കാല്പനികപ്രവണതയാണ്. വെണ്ണിക്കുളവും നഷ്ടബാല്യത്തെക്കുറിച്ചോർത്ത് വിഷാദിക്കുന്ന കവിതകൾ രചിച്ചിട്ടുണ്ട്. 'ബാല്യമേ, തൊഴുന്നു ഞാൻ', ബാല്യത്തിലേക്ക്' എന്നീ കവിതകൾ ഇതിനുദാഹരണം . സ്വന്തം ബാല്യം സ്വർഗ്ഗതുല്യമായി കാണുന്ന കവി ഏതെങ്കിലും വരത്തിന്റെ സഹായത്താൽ പഴയതുപോലെ കുട്ടിയാകാൻ കഴിഞ്ഞെങ്കിൽ എന്ന് ആശിക്കുന്നു. അതിന് അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത് കുട്ടിയായിരുന്നപ്പോൾ താൻ അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ തന്നെയാണ്. അവ ഹൃദയസ്പർശിയായി അദ്ദേഹം ആവിഷ്കരിച്ചിട്ടുമുണ്ട്. ജീവിതപ്രഭാതത്തിൽ എന്നും മധുരാർദ്രമായാണ് അനുഭവപ്പെടുന്നത്. ഓരോ കുട്ടിയിലും

"ആരെയും ക്ലേശീടാത്ത ഭാവവും, മൃദുസ്മിത-
ധാരയാൽ വശീകൃതലോകമാം വദനവും
ഇച്ഛപോൽ ചാഞ്ചാടുവാൻ സന്നദ്ധമാകും മെയ്യും
കൊച്ചുപാവയെകൊണ്ടും സംതൃപ്തിനേടും കണ്ണും" (ബാല്യമേ, തൊഴുന്നു ഞാൻ)

കണ്ടെത്തുന്ന കവി, ഇവയെല്ലാം ഒത്തിണങ്ങിയ കുട്ടികൾ 'സത്യമാകുന്ന ' പൊന്നമ്പലത്തിലെ പ്രദീപങ്ങൾ തന്നെയാണെന്നു പറയുമ്പോൾ സ്വന്തം ബാല്യത്തിലേക്ക് ഒരുമടങ്ങിപ്പോക്ക് നടത്തുകയാണ്. താരുണ്യമാകുന്ന പട്ടുവസ്ത്രം തന്റെ മേനിക്ക് ഭാരമായി കരുതുന്ന കവി,

ശൈശവമാകുന്ന കൊച്ചുമുണ്ടുടുത്ത് പിച്ചവെച്ച് നടക്കാനാണ് ആഗ്രഹിക്കുന്നത്. തികച്ചും കാല്പനികമായ ഗൃഹാതുരത്വമാണ് ഇത്.

ശൈശവത്തെ അമിതമായി ആദർശവത്കരിക്കാൻ ശ്രമിക്കുമ്പോൾ പലപ്പോഴും കവി യാഥാർത്ഥ്യത്തിൽനിന്ന് അകന്നുപോകുന്നതായി കാണാം.

“ഇല്ല രാഗ,മില്ലതാപ,മില്ലസൂയ, തെല്ലമത്ര
നല്ല കാലമായിരുന്ന നയിച്ചതന്നാൾ” (ബാല്യത്തിലേക്ക്)

യൗവനം ആഗ്രഹിക്കുന്ന മനുഷ്യനെ ‘മുഗ്ധാഭമാമുഷസ്സന്ധ്യാവിലാസത്തെ വിട്ട് മധ്യാഹ്ന ത്തെ പ്രതീക്ഷിക്കുന്ന മന്ദനാ’യാണ് വെണ്ണിക്കുളം കണക്കാക്കുന്നത്. സുഖദുഃഖ സമ്മിശ്രമായ മനുഷ്യജീവിതത്തിൽ ഇത് പലപ്പോഴും ശരിയാകണമെന്നില്ല. ദാരിദ്ര്യത്തിലും രോഗദുരി തത്തിലും അകപ്പെട്ടുപോയ ശൈശവത്തെ ഭീതിയോടെ നോക്കിക്കാണുന്ന ആളുകളും സമൂഹത്തിൽ ധാരാളമുണ്ട്. എങ്കിലും മനഃക്ലേശമറിയാതെ സുഖാമൃതം നുകരണമെങ്കിൽ വീണ്ടും ബാല്യത്തിലേക്ക് തിരിച്ചെത്തിയേ തീരൂ എന്ന് തീവ്രമായും ആത്മാർത്ഥമായും വെണ്ണിക്കുളം ആഗ്രഹിക്കുമ്പോൾ അനുവാചകനും മറിച്ചു ചിന്തിക്കാൻ ഇടവരാത്തത് തന്റെ അനുഭവങ്ങളെ ആത്മനിഷ്ഠമായി അവതരിപ്പിക്കുന്നതു കൊണ്ടാണ്. ശൈശവത്തോടുള്ള ഈ അഭിനിവേശം കാരണം,

“മാമകതാരുണ്യമിന്നു കൈവരിച്ചിട്ടാത്മബാല്യ-
മോമനക്കുഞ്ഞുങ്ങളിലാ,രെനിക്കു നല്കും?”(ബാല്യത്തിലേക്ക്)

“ഒട്ടിടയ്ക്കേതോ വരം കൊണ്ടിവൻ പണ്ടേപ്പോലെ
കുട്ടിയായിരുന്നെങ്കിൽ!—ഇന്നു ഞാനാശിക്കുന്നു.(ബാല്യമേ, തൊഴുന്നു ഞാൻ)

എന്നു കൂടി കവി ആഗ്രഹിച്ചുപോകുന്നു.

മനുഷ്യനുലഭിച്ച ഏറ്റവും അമൂല്യമായ സിദ്ധിയാണ് ചിരിക്കാനുള്ള കഴിവ്. അത് ഒരു കൊച്ചുകുട്ടിയുടെ ചിരിയാകുമ്പോൾ മറ്റുള്ളവരെ ആകർഷിക്കുവാനുള്ള ഏറ്റവും നല്ല ഉപാധിയായി മാറുന്നു. “ലോകത്തിൽ നിസ്വാർത്ഥമായ സുഖാനുഭൂതികൾ ഏതെല്ലാമെന്ന് അരനിമിഷമെങ്കിലും ചിന്തിച്ചിട്ടുള്ള ആരും സമ്മതിക്കും ഒരു കൊച്ചുകുഞ്ഞിന്റെ പുഞ്ചിരി കാണുമ്പോഴുള്ള ഹൃദയവികാസം അതിലൊന്നാണെന്ന്”[5] കൊച്ചുകുട്ടിയുടെ ചിരിയിൽ പ്രകൃതിയിലെ കേവലസൗന്ദര്യത്തിന്റെ പ്രതിഫലനം വള്ളത്തോൾ ദർശിക്കുമ്പോൾ[6] വെണ്ണിക്കുളമാവട്ടെ

“ പോരു,മെനിക്കാ മൃദുസ്മേരമേതൊരു
കൂരിരുട്ടത്തും വെളിച്ചം വിതയ്ക്കുവാൻ” (ജീവിതാനന്ദം)

എന്ന തിരിച്ചറിവിലേക്കെത്തുന്നു. യാതനകൾ നിറഞ്ഞ ഈ ലോകയാത്രയിൽ തന്നെ മുന്നോട്ടു നയിക്കാൻ കുഞ്ഞിന്റെ പുഞ്ചിരി ഒന്നുമാത്രം മതി എന്നു വിശ്വസിച്ച കവിയാണ് അദ്ദേഹം.

കുഞ്ഞുങ്ങളുടെ കൊഞ്ചലും അവ്യക്തമായ ജല്പനങ്ങളും എല്ലാം വെണ്ണിക്കുളം സൂക്ഷ്മ മായി നിരീക്ഷിച്ച് അവതരിപ്പിക്കുന്നുണ്ട്. പിഞ്ചുകുഞ്ഞുങ്ങളുടെ വർണ്ണശുദ്ധിയില്ലാത്ത ചൊല്ലിൽപോലും വള്ളത്തോൾ അസൂയപ്പെടുന്നു.[7] ഇടശ്ശേരി ‘നാനാജഗന്മനോരമ്യഭാഷ’ എന്നും ജി.ശങ്കരക്കുറുപ്പ് ‘വിശ്വസുന്ദരഭാഷ’[8] എന്നും വിശേഷിപ്പിച്ച ശിശുക്കളുടെ ഭാഷ, വെണ്ണിക്കുളത്തിന് സ്വർഗ്ഗീയഭാഷ’ ആണ്. മാത്രമല്ല,

“തേനൊലിക്കുമിശ്ശബ്ദങ്ങളില്ല ഹാ!
ഞാനുരുക്കഴിച്ച കോശങ്ങളിൽ “ (ഉന്മേഷനാളം)

എന്നും കാളിദാസഗീരിനേക്കാൾ മഹത്വമേറിയതാണ് അതെന്ന് വാഴ്ത്തുകയും ചെയ്യുന്നു.

നിലവിലുള്ള ജീവിതത്തോടുള്ള അതൃപ്തി കാല്പനികകവികളുടെ പ്രത്യേകതയാണ്. മുതിർന്നവർ ശിശുക്കളാകാനും ശിശുക്കൾ മുതിർന്നവർ ആകാനും ആഗ്രഹിക്കുക സ്വാഭാവികം. മുതിർന്നവരുടെ പ്രവൃർത്തികൾ അനുകരിച്ച് ശിശുക്കൾ തങ്ങളുടെ അഭിലാഷസാഫല്യം നേടിയെടുക്കുന്നു. പുത്രന്റെ ഈ വിധമുള്ള ചെയ്തികളിലൂടെ തന്നെത്തന്നെ നോക്കി കാണുന്ന കവിയാണ് വിദ്യാങ്കുരം, ബാലകൗതുകം എന്നീ കവിതകളിലുള്ളത്.

കുട്ടികളുടെ അകൃത്രിമ ചേഷ്ടകളും ലീലാവിനോദങ്ങളും 'സന്താനസൗഖ്യം' എന്ന കവിതയിൽ വള്ളത്തോൾ സസൂക്ഷ്മം വിവരിക്കുന്നുണ്ട്.9 അദ്ധ്യാപകവേഷംകെട്ടി, പിതാവിന്റെ വീട്ടിലും സ്കൂളിലുമുള്ള പ്രവൃർത്തികൾ പുത്രൻ അനുകരിക്കുന്നു. കവികർമ്മത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ പോലും പുത്രന്റെ ചെയ്തികളിൽ ആഹ്ലാദം കണ്ടെത്തുന്ന പിതാവിനെ 'ബാലകൗതുകം' എന്ന കവിതയിൽ കാണാം. അവൻ കഴുത്തിൽ കെട്ടിപ്പിടിച്ചപ്പോൾ പനിനീർപൂവിതൾ കൊണ്ടു തീർത്ത ഒരു മാലഅണിഞ്ഞതുപോലെ അനുഭവപ്പെടുന്നതായി അദ്ദേഹം പറയുന്നു. ഇവിടെയെല്ലാം ആത്മനിഷ്ഠത ഏറി നിൽക്കുകയാണ്. പുത്രന്റെ ചെയ്തികളാകട്ടെ,

"കുതുകമാർന്നൊരു പത്രമെടുത്തുകൊ-
ണ്ടതു നിവിർത്തു മനസ്സിലാക്കും വിധം,
ചിലപൊഴുതൊരു ചാരുകസാലയി-
ലലഘുഗൗരവം പൂണ്ടു കിടന്നിടും.
അനുജനമ്മയെക്കാണാഞ്ഞു കേഴുമ്പോ-
ഴരികിലോമനക്കൈ ഞൊടിച്ചെത്തിടും
ഉഷസി, ദന്തസുസംസ്കാരവേളയി-
ലുപഹസിക്കയാണെന്നു തോന്നുംവിധം
ഇടതുകൈവിരൽ കൊണ്ടു പൽതേച്ചിട്ടു-
മിടയിടെത്തുപ്പുമൊപ്പത്തിനൊപ്പമേ;
അരികിലുണ്ണാനിരുത്തിയാൽ ചോറെട്ടു-
ത്തുരുളയാക്കിയെൻ നേർക്കവൻ നീട്ടിടും
അതു വിഴുങ്ങേണ്ടരീതി കാട്ടീടുവാ-
നതുലിതോത്സവം 'അം' വച്ചു നിന്നിടും" (ബാലകൗതുകം)

പുത്രന്റെ പ്രവൃത്തികളുമായി താദാത്മ്യം പ്രാപിച്ച് അതിലൂടെ കവി തന്നെത്തന്നെ കാണുകയാണിവിടെ.

തന്റെ ചുറ്റുംകാണുന്ന എന്തും വെണ്ണിക്കുളം കവിതയ്ക്ക് വിഷയമാക്കി. സ്വന്തം വികാരങ്ങൾ മാത്രമല്ല, മറ്റുള്ളവരുടെ വികാരങ്ങളെ തന്റേതാക്കി അവതരിപ്പിക്കാനും അദ്ദേഹം ശ്രമിച്ചു. അവയിലെല്ലാം തികഞ്ഞ ആത്മാർത്ഥത പുലർത്താനും അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. അനുഭവിച്ചറിയുന്ന വികാരവും സങ്കല്പത്തിലൂടെ അനുഭവിക്കുന്ന വികാരവും രണ്ടാണെങ്കിലും പ്രതിഭാധനനായ കവിക്ക് അപൂർവ വസ്തുനിർമ്മാണക്ഷമമായ പ്രജ്ഞകൊണ്ട് അവയെ ഹൃദ്യമായി ആവിഷ്കരിക്കാനാവും എന്നതിന് തെളിവാണ് അമ്മയുടെ കാഴ്ചപ്പാടിൽനിന്നു കൊണ്ട് വെണ്ണിക്കുളം രചിച്ചിട്ടുള്ള മാതൃഹൃദയം, മാനസപുത്രി എന്നീ കവിതകൾ.

തികച്ചും സ്വപ്നദർശനത്തിന്റെ രൂപത്തിൽ രചിച്ചിട്ടുള്ള കവിതയാണ് 'മാനസപുത്രി'. യഥാർത്ഥജീവിതത്തിൽ നേടാനാവാത്തത് സ്വപ്നത്തിൽ കണ്ട് തൃപ്തിയടയുന്ന മനുഷ്യസ്വഭാവം ഇവിടെ കാണാം. ഭ്രമാത്മകകല്പനകളും അലങ്കാരങ്ങളും ആ സ്വപ്നത്തിന് മിഴിവേകുന്നു. അമ്മയാകാൻ ഭാഗ്യം ലഭിക്കാത്ത ഒരു സ്ത്രീയുടെ കിനാവുകളെയാണ് 'മാനസപുത്രി'

എന്ന കവിതയിൽ കാണുന്നത്. ഒരു അമ്മയുടെ ചിന്തകൾ തികച്ചും വികാരഭരിതമായി അവതരിപ്പിക്കാൻ വെണ്ണിക്കുളത്തിനു കഴിഞ്ഞിട്ടുണ്ട്. തനിക്കു കിട്ടാത്ത ഒന്നിനെ സ്വപ്നത്തിലൂടെ നേടാൻ ശ്രമിക്കുന്ന കാല്പനികകവിമനസ്സാണ് ഇവിടെ തെളിയുന്നത്. തന്റെ ജീവിതപുണ്യമായി കുട്ടിയെ കാണുന്ന അമ്മ കുട്ടിയുടെ തേങ്ങലിൽ കിന്നരലോകത്തെ സംഗീതവും കൈകാൽ കുടയലിൽ സ്വർഗ്ഗീയലാസ്യഭാവവും ദർശിക്കുമ്പോൾ കവി സ്വയം ഒരു അമ്മയായി മാറുകയാണ്. കുഞ്ഞിനെ കൂട്ടുകാരികൾ ലാളിക്കുമ്പോൾ അതിന്റെ പൂവുപോലുള്ള മേനി നോവില്ലേ എന്ന അമ്മയുടെ ചിന്ത അതേ വൈകാരികതീവ്രതയോടെ തന്നെ കവി ആവിഷ്കരിക്കുന്നു. കാവ്യാവസാനം വരെ അമ്മയോടൊപ്പം ആഹ്ലാദിക്കുന്ന വായനക്കാരൻ.

"സന്ധ്യപോൽ ശോഭിച്ചൊരക്കൊച്ചു കുഞ്ഞൊരു
വന്ധ്യതൻ പൊൻകിനാവായിരുന്നു" (മാനസപുത്രി)

എന്ന അവസാനവരികളിലേക്കെത്തുമ്പോൾ ഞെട്ടിപ്പോയെന്നുവരും.

തികച്ചും ആത്മനിഷ്ഠമായ ടോണിൽ അമ്മയുടെ സ്വപ്നങ്ങൾ അവതരിപ്പിക്കാൻ സാധിച്ചതുകൊണ്ടാണ് ഈ കവിത ഹൃദ്യമായി അനുഭവപ്പെടുന്നത്. തികഞ്ഞ ആത്മാർത്ഥ തന്നെയാണ് ഈ കവിതയുടെ വിജയത്തിന് ആസ്പദം എന്നുപറയാം.

ശിശുക്കളുടെ കൊഞ്ചലും കുസൃതിയും ആരിലും സന്തോഷം ജനിപ്പിക്കും. അമ്മയും മക്കളും തമ്മിലുള്ള ബന്ധമാണ് ജീവിതത്തിലെ ഏറ്റവും ദൃഢകരമായ ബന്ധം. മക്കളെ കാണുമ്പോൾ ഏതു കഠിനദുഃഖവും മനുഷ്യൻ മറക്കുന്നത് അതുകൊണ്ടുതന്നെ. അങ്ങനെയുള്ള ശിശുക്കളെ നഷ്ടപ്പെട്ടാലുള്ള അവസ്ഥ ഓർക്കാൻകൂടി കഴിയുന്നതല്ല. 'മാതൃഹൃദയം' എന്ന കവിതയിൽ അത്തരം ഒരുസംഭവമാണ് വെണ്ണിക്കുളം അവതരിപ്പിക്കുന്നത്. കൃഷ്ണൻ അമ്പാടിയിൽനിന്ന് പോയിക്കഴിഞ്ഞതിനുശേഷമുള്ള യശോദയുടെ അവസ്ഥ വിവരിക്കുന്ന ഈ കവിതയിൽ പുരാണകഥാപാത്രങ്ങൾക്കുപോലും മനുഷ്യസാധാരണമായ വികാരവിചാരങ്ങൾ നല്കിയിരിക്കുന്നു.

"എരികനലൊളി മാഞ്ഞുപൊയ്പോകയാ-
ലിരുളിലമ്പാടി മുങ്ങുന്ന വേളയിൽ" (മാതൃഹൃദയം)

എന്ന കവിതയുടെ തുടക്കംതന്നെ ഒരേസമയം അമ്പാടിയും അതോടൊപ്പം അമ്മയും ഇരുളിൽ മുങ്ങുന്ന അവസ്ഥ വായനക്കാരിലുണ്ടാക്കുന്നു. തന്റെ പുണ്യമായ, ആനന്ദത്തിനിരിപ്പിടമായ പുത്രനെ തേടുന്ന മാതാവിനോടൊപ്പം അനുവാചകനും അലയുകയാണ്. അവനെ ശുശ്രൂഷിക്കാൻ വെമ്പുന്ന മാതാവിന്റെ ചിന്തകൾ അത്യന്തം ഹൃദയസ്പർശിയാണ്. തന്റെ മകൻ പോയതിലെ ദുഃഖം തന്നിൽമാത്രം ഒതുങ്ങുന്നതല്ലെന്നു വിശ്വസിക്കുന്ന ഈ അമ്മ ലോകത്തിലെ അമ്മമാരുടെ പ്രതിനിധിയായി മാറുന്നു. അമ്മയുടെ വികാരവിചാരങ്ങൾ ഭാവതീവ്രതയോടെ ഇവിടെ വ്യഞ്ജിക്കുന്നു.

അമ്മയില്ലാത്ത ഒരുകുട്ടിയുടെ ദുഃഖം കുട്ടിയുടെ കാഴ്ചപ്പാടിൽ അവതരിപ്പിക്കാനാണ് ഗംഗ' എന്ന കവിതയിൽ വെണ്ണിക്കുളം ശ്രമിക്കുന്നത്. ജി. ശങ്കരക്കുറുപ്പിന്റെ 'അമ്മയെവിടെ എന്ന കവിതയിലും ഇതേ ഭാവം കാണാം.[10]

"അമ്മയെ,ങ്ങമ്മയെ,ങ്ങെന്നൊരുൽക്കണ്ഠയാ-
ണമ്മണിപ്പൈതലിന്നസ്വാസ്ഥ്യമെപ്പോഴും" (ഗംഗ)

എന്ന കവിതയുടെ തുടക്കംതന്നെ വായനക്കാരനിൽ അസ്വാസ്ഥത ജനിപ്പിക്കും. അമ്മയുണ്ടായിരുന്നെങ്കിൽ തനിക്ക് മുടികോതി മിനുക്കി പൂചൂടിത്തരുമായിരുന്നു, തനിക്ക് പട്ടുവസ്ത്രം തുന്നിത്തരുമായിരുന്നു. എന്നിങ്ങനെയുള്ള ഗംഗയുടെ സങ്കല്പലോകത്തിൽ അനുവാചകനും സഞ്ചരിക്കാൻ കഴിയുന്നത്, ഏതാദൃശമായ വികാരങ്ങൾ ഏതു വ്യക്തിയിലും

ഉറങ്ങിക്കിടക്കുന്നതുകൊണ്ടാണ്. അവയെ ഉണർത്തിക്കൊണ്ടുവരാനും നിഷ്കളങ്കമായ ഗംഗയുടെ ദുഃഖത്തിൽ പങ്കുചേരാനും വായനക്കാരനു കഴിയുമാറ് കവി തന്റെ കഥാപാത്രവുമായി തന്മയീഭവിക്കുകയും അനുഭവത്തിന് ആത്മനിഷ്ഠതയുടെ മാനം നല്കുകയും ചെയ്യുന്നു.

പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ ആവിഷ്കരിക്കുന്നതിൽ വെണ്ണിക്കുളത്തിന്റെ തൂലികയ്ക്കുള്ള കഴിവ് ഒന്നുവേറെ തന്നെയാണ്. ഉന്മേഷനാളം, ബാലകൗതുകം, വിദ്യാങ്കുരം, നാദപീയൂഷം എന്നീ കവിതകളിലൊക്കെ പുത്രന്റെ ചേഷ്ടകൾ കണ്ടാസ്വദിക്കുന്ന പിതാവാണുള്ളത്. പിതാവെന്ന 'മഹാപ്രപഞ്ച'ത്തിന്റെ തുടർച്ച എന്നവണ്ണമാണ് ഈ കവിതകളിൽ ശിശു അവതരിപ്പിക്കപ്പെടുന്നത്. തന്റെ വ്യക്തിത്വത്തിന്റെ തന്നെ ഒരു ചെറുപതിപ്പായിട്ടാണ് കുട്ടിയെ ഇവിടെയൊക്കെ ആഖ്യാതാവായ പിതാവ് മനസ്സിലാക്കുന്നത്. കവിതയ്ക്ക് ആത്മനിഷ്ഠസ്വഭാവം നല്കുന്ന പ്രബലമായ അനുഭവമാണിത്.

ഈ കവിതകളിലെല്ലാം പിതാവ് പുത്രനെ കാണുന്നത്, പുത്രന്റെ ചേഷ്ടകൾ അനുഭവിക്കുന്നത് തികച്ചും വൈയക്തികമായാണ്. തന്റെ ജന്മസാഫല്യമൂർത്തിയായും പ്രാണനിക്ഷേപമായും കുട്ടിയെ തിരിച്ചറിയുമ്പോൾ പിതാവും പുത്രനും തമ്മിലുള്ള ജൈവമായ ബന്ധമാണ് വെളിവാകുന്നത്. എൻ.എൻ. കക്കാട് തന്റെ 'തീർത്ഥാടനം' എന്ന കവിതയിൽ സമാനമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്നതിവിടെ ഓർക്കാം.[11] ആകാശത്തിൽനിന്നു ഭൂമിയിലേക്കു വീണ മിന്നിത്തിളങ്ങുന്ന ഒരു വെള്ളിനക്ഷത്രമാണ് അവൻ എന്ന് വെണ്ണിക്കുളം വിഭാവനം ചെയ്യുന്നു. പൂവിതൾപോലുള്ള അവന്റെ ചുംബനം ഏല്ക്കുമ്പോൾ, അവന്റെ പുഞ്ചിരി കാണുമ്പോൾ സ്വർഗ്ഗീയാനുഭൂതി ആണ് പിതാവിനു ലഭിക്കുന്നത്. വള്ളത്തോൾ 'നരർക്കു നാനാസുഖസംഗ്രഹം സുതൻ' എന്നു പറയുമ്പോൾ അർത്ഥമാക്കുന്നതും ഇതു തന്നെ.[12] ഇവിടെയെല്ലാം ഒരു പിതാവിനുണ്ടാകുന്ന അനുഭവങ്ങളെ ആത്മനിഷ്ഠമായി, ആദർശാത്മകമായി കവി അവതരിപ്പിക്കുകയാണ്.
പുത്രന്റെ കോപഭാവം കാണുമ്പോൾ-

"എൻ തനൂജന്റെ മോദഭാവത്തിലും
ഹന്ത! തൽക്കോപനാട്യമേ സുന്ദരം
ഇഷ്ടമൊക്കാതെ വന്നാൽ കളിപ്പാട്ട-
മിട്ടെറിഞ്ഞു കലമ്പുമാറുണ്ടവൻ
അപ്പൊഴോമൽമുഖത്തൊന്നു നോക്കിയാ-
ലച്ഛനാകുവാനാരുമിച്ഛിച്ചു പോം"(ഉന്മേഷനാളം)

എന്നാണു കവിയുടെ വാദം. പിതാവാകുന്നതിന്റെ ധന്യതയാണിവിടെ വെളിപ്പെടുന്നത്.

പുത്രന്റെ ഭാവം പിതാവിലുണ്ടാക്കിയ ഏറ്റവും ഉദാത്തമായ അവസ്ഥയും ഇതുതന്നെയാണ്. പിതൃത്വത്തിന്റെ ആദർശവത്കരണവും ശ്രദ്ധിക്കേണ്ടതാണ്.

ശിശുവിനെയും ശിശുവിന്റെ ചുറ്റുപാടുകളെയും സ്വർഗ്ഗീയമായി കാണുന്ന കാല്പനികകവി ചുറ്റുപാടുകളുമായി താദാത്മ്യംപ്രാപിക്കുന്ന രീതിയിൽ അവന്റെ ലോകത്തെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. റൊമാന്റിക് കവിയുടെ സർഗ്ഗചൈതന്യത്താൽ പ്രകൃതി അന്നേവരെ അറിയാതിരുന്ന ജീവനും ചൈതന്യവും നേടിയെടുത്തു. അതോടെ ശിശു ആ ലോകത്തിന്റെ ഭാഗമായി മാറുകയും അവർ ഒരേഭാഷ സംസാരിക്കുകയും കളിക്കൂട്ടുകാരായി രഹസ്യങ്ങൾ പങ്കുവെയ്ക്കുകയും ഒക്കെ ചെയ്യുന്നത് ഈ കാല്പനികമനോഭാവത്തിന്റെ ഫലമായാണ്. ഇങ്ങനെ പ്രകൃതിയുമായി ലയിച്ചു ചേരുന്ന കുട്ടിയെയാണ് 'ബാലകാവ്യം', 'ഓമനയെ ചുംബിച്ചുകൊണ്ട്', 'ഒരു താരാട്ട്' എന്നീ കവിതകളിൽ അവതരിപ്പിക്കുന്നത്. വള്ളത്തോളും ഉള്ളൂരും ജി.യും ബാലാമണിയമ്മയും ഇത്തരം ചില കവിതകൾ എഴുതിയിട്ടുണ്ട്.

അക്കാലത്തെ ഒരു സാമാന്യപ്രവണതയായി അതിനെ മനസ്സിലാക്കാൻ സാധിച്ചേക്കും. എങ്കിലും വെണ്ണിക്കുളത്തിന്റെ കവിതകളിലാണ് ഭാവതീവ്രത അനുഭവപ്പെടുന്നത്.

പ്രകൃതിയിലെ ഓരോ കാഴ്ചയും കാണുന്ന കവി അതിലെല്ലാം പ്രകൃതി കുട്ടിക്ക് ഒരുക്കുന്ന കാഴ്ചദ്രവ്യങ്ങൾ കണ്ടെത്തുന്നു. പ്രകൃതി കുട്ടിയുടെ കളിത്തോഴനായി മാറുകയാണ്. 'ഒരു താരാട്ട്' എന്ന കവിതയിൽ കണ്ണുംപൂട്ടി ഉറങ്ങുന്ന കുട്ടിക്കു മുമ്പിൽ പ്രകൃതി ഒരുക്കുന്ന കാഴ്ചകളുടേതായ ഒരു ലോകം തുറന്നുകാട്ടുന്ന കവിയെ കാണാം. നല്ലിളിരേകാനായി മുന്നിൽ വന്ന് തെന്നൽ ഇക്കിളിയിടും, അപ്പോൾ വിണ്ണിലിരിക്കുന്ന ഉണ്ണിനക്ഷത്രം ചിരിക്കും, മാവിന്റെ ചില്ലയിൽ അണ്ണാൻ പഞ്ചാരമാമ്പഴമുണ്ണാൻ എത്തും, രാക്കിളി ഉച്ചത്തിൽ പാടും, പൂക്കൾ നിരന്നുനിന്ന് ആടും, താമരപ്പൊയ്കയിൽ തങ്ങുന്ന നീലവണ്ടുകൾ വട്ടംകറങ്ങും, അമ്പിളി ഒരു പമ്പരംപോലെ നിന്നു തിളങ്ങും എന്നു മാത്രമല്ല, പിറ്റേന്ന് കാലത്ത് അവൻ ഉണരുമ്പോൾ അവന്റെ കവിൾച്ചുവപ്പുപോലെ കിഴക്ക് ഒരു കുങ്കുമശോഭ കാണാനാവും എന്നുപറയുമ്പോൾ കുട്ടിയിൽ പ്രകൃതിയെത്തന്നെ ദർശിക്കുകയാണ് കവി ചെയ്യുന്നത്. വള്ളത്തോളിന്റെ 'ഒരുറക്കുപാട്ട്' എന്ന കവിതയിൽ മാതാവ് തന്റെ ഓമനക്കുട്ടനിൽ പ്രപഞ്ചസൗന്ദര്യം മുഴുവൻ കാണുന്നതിനു തുല്യമാണിത്.[12]

ഭാവഗീതം ആസ്വാദകനെ സംബന്ധിച്ചും ആത്മകഥാപരമാണ്. തനിക്കനുഭവപ്പെട്ട കാര്യങ്ങൾ കവി ആത്മനിഷ്ഠമായി അവതരിപ്പിക്കുമ്പോൾ അത് ആസ്വദിക്കുന്ന വായനക്കാരനും കവിയുടെ മാനസികാവസ്ഥയിലേക്ക് ഉയരുന്നു. അപ്പോഴാണ് ആസ്വാദനം പൂർണ്ണമാകുന്നത്. ഗാർഹസ്ഥ്യത്തിന്റെ മഹത്വം പലപ്പോഴും എടുത്തുകാട്ടുന്ന വള്ളത്തോളും ശിശുവിനെ ആദർശവത്കരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വെണ്ണിക്കുളം പലചുവട് മുന്നിലാണ്.

"ഓമനക്കുഞ്ഞിന്റെയാദ്യത്തെ രോദന-
മോരോ പിതാവിന്നുമോങ്കാരമാവണം.(പുണ്യാങ്കുരം)

എന്നു വിശ്വസിച്ച കവിയാണ് വെണ്ണിക്കുളം. മന്ദാരമാമരക്കൊമ്പുവിട്ട് ഊഴിയെ സുന്ദരമാക്കുന്ന കോരകം, ഇന്നലെക്കൂടി വിണ്ണിന്റെ വക്കത്തുനിന്നു തിളങ്ങിയ താരകം, ഭംഗിയേറിയ രാഗവാരിരാശിയിൽ മുങ്ങിയെടുത്ത മുക്താഫലം എന്നിങ്ങനെ കുട്ടിക്ക് നിരവധി വിശേഷണങ്ങൾ കവി നല്കുന്നുമുണ്ട്. പുത്രനാകുന്ന ഐശ്വര്യതേജാംശത്തെ തന്നിലേക്കാവാഹിച്ച് ഒടുവിലത് താൻ തന്നെയായി മാറുന്ന അവസ്ഥ ബാലാമണിയമ്മയും (വേണുഗോപാലൻ) എൻ.എൻ. കക്കാടും (തീർത്ഥാടനം) ആവിഷ്കരിക്കുന്നുണ്ട്. അതുതന്നെയാണ്.

"കണ്ണാടിയിൽപ്പോലെയെന്നെ ഞാൻ പൈതലാ
യുണ്ണിയിൽ ദർശിച്ചു കോൾമയിർക്കൊള്ളുമേ" (പുണ്യാങ്കുരം)

എന്നു വെണ്ണിക്കുളം പാടുമ്പോഴും തെളിയുന്നത്. ഇവിടെയാണ് ആത്മനിഷ്ഠത അതിന്റെ പരകോടിയിലെത്തുന്നതും ഭാവാത്മകത പുഷ്കലമാകുന്നതും.

കുറിപ്പുകൾ

1. എസ്.കെ. വസന്തൻ, സാഹിത്യപഠനത്തിന് ഒരു ആമുഖം (പരി.) പുറം- 74
2. ജി.വൈദ്യനാഥയ്യർ, ആധുനിക കലികൾ, പുറം- 47
3. ഹൃദയകുമാരി, കാല്പനികത,പുറം - 27
4. വില്യം വേർഡ്സ് വെർത്ത്, പ്രിഫേയ്സ് ടു ലിറിക്കൽ ബാലാഡ്സ് , പേജ്- 165
5. എം.ലീലാവതി, അമൃതവിദ്യ, പുറം - 32
6. "ഹാ! കള്ളവെള്ളച്ചിരിയാൽ നിറഞ്ഞ
ലോകത്തിൻ നമ്മൾക്കു സമാശ്വസിപ്പിക്കാൻ
ആക്രമനിഷ്കൈതവമായിക്കിടാവാൽ
ത്തുകപ്പെട്ടും പുഞ്ചിരിയൊന്നുമാത്രം"

വള്ളത്തോൾ നാരായണമേനോൻ, സാന്താനസൗഖ്യം
(സാഹിത്യ മഞ്ജരി - ഒന്നാം ഭാഗം),പുറം - 30

7. "വർണ്ണ ശുദ്ധാദിഗുണങ്ങളെന്തി-
ന്നീ? വത്സർ തൻ ജല്പനമെത്ര രമ്യം?
ഹാ, വശ്യവാക്കാം കവിതൻ കൃതിക്ക-
മീ വണ്ണമുണ്ടോ ഹൃദയംഗമത്വം?"
യഭ്യസിച്ചപ്പോൾ തന്നെ
ഞാനയ്യോ, മറന്നുപോയ്
വിശ്വസുന്ദരഭാഷ"
ജി ശങ്കരക്കുറുപ്പ്, ഓടക്കുഴൽ, ശൈശവം , ഗീതകം 3, പുറം- 139

9. വള്ളത്തോൾ നാരായണമേനോൻ, സാഹിത്യമഞ്ജരി
ഒന്നാംഭാഗം - 'സന്താന സൗഖ്യംട- പുറം - 30

10. "എവിടെയെവിടെയമ്മയച്ഛനെന്തോ
കവിൾ കഴുകുന്നിതു കണ്ണുനീരിനാലേ? "
ജി.ശങ്കരക്കുറിപ്പ്, ഓടക്കുഴൽ, അമ്മയെവിടെ' പുറം- 55

11. 'ആത്മാവൈ പുത്ര നാമാസി
സജീവ ശരദശ്ശതം."
എൻ.എൻ. കക്കാട്, തീർത്ഥാടനം, പുറം - 29
ശൈശവമാകുന്ന തീർത്ഥം അന്വേഷിച്ചലയുന്ന തീർത്ഥാടകനെയാണ് തീർത്ഥാടനം എന്ന കവിതയിൽ കാണാനാവുക. അവസാനം ആ അന്വേഷണം എത്തി നിൽക്കുന്നത് തന്റെ പുത്രനിൽ തന്നെയാണ്.

12. "നിരന്തരം വീടിനു നൈവിളക്കു, മെ-
യ്യൊരദ്ഭുതപ്പൊൽക്കിഴി കണ്ണിനുത്സവം
ഉരസ്ഥലത്തിനു മണണിപ്പതക്കമീ-
നരർക്കു നാനാസുഖസംഗ്രഹം സുതൻ"
വള്ളത്തോൾ നാരായണമേനോൻ- സാഹിത്യമഞ്ജരി
ഒന്നാംഭാഗം - സന്താനസൗഖ്യം - പുറം - 32

13. ഈ മുഗ്ധത്തെന്നലേറ്റങ്ങിങ്ങു ചിന്നിയ
കാർമുകിൽ കുന്തളമൊന്നൊതുക്കി
കൗമുദി കോമളപ്പുഞ്ചിരി തഞ്ചും നിൻ-
ുമുഖത്തമ്മയൊരുമ്മവെക്കാം"
വള്ളത്തോൾ നാരായണമേനോൻ, സാഹിത്യമഞ്ജരി
രണ്ടാംഭാഗം- ഒരുറക്കുപാട്ട്, പുറം - 111

14. "ആജന്മരമ്യമാമാഹ്ലാദരശ്മി നീ-
യാനന്ദ സാമ്രാജ്യച്ചെങ്കോലു നീ
ആസ്തിക്യ ബുദ്ധീ നീ, യദ്വൈത സിദ്ധീ നീ -
യാത്മാവു നീ, യെനിക്കാരോമലേ"
വള്ളത്തോൾ നാരായണമേനോൻ, സാഹിത്യമഞ്ജരി ഏഴാം ഭാഗം
എന്റെ കൊച്ചുമകൻ പുറം - 347

15. "ഉണ്ണിതൻ ചോരിവായ്ക്കുള്ളിലീ ബ്രഹ്മാണ്ഡ-
മൊന്നാകെ മാതാവു ദർശിച്ച നാട്ടിലും
തൻ മകനിൽ ജഗദീശനെ കാണുന്ന -
തമ്മ തൻ കണ്ണിന്നൊരത്ഭുതസിദ്ധിയോ ?"
ബാലാമണിയമ്മ, സോപാനം , 'വേണുഗോപാലൻ' പുറം - 33.."ആത്മവൈപുത്രനാമസി
സജീവശരദശ്ശതം"
എൻ.എൻ കക്കാട്, തീർത്ഥാടനം -പുറം - 29.